DEV/ACD/FMT 019/R0

# ദേവമാത സി.എം. ഐ.പബ്ലിക്സ്കൂൾ

## അർദ്ധവാർഷിക പരീക്ഷ2017– 18

**Class VIII** **മലയാളം** ***Mark: 80***

***TIME: 3hrs.***

### എ. വിഭാഗം

**I.** ചുവടെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2x5=10)

ഉത്തര കേരളത്തിൽ പ്രചാരത്തിലുള്ള അനുഷ്ഠാന കലകളിൽ ഒന്നാണ് തെയ്യം. നൃത്തം ചെയ്യുന്ന ദേവതാസങ്കല്പമാണ് തെയ്യം. തെയ്യത്തിന്റെ നർത്തനം തെയ്യാട്ടം എന്നും തെയ്യത്തിന്റെ വേഷം തെയ്യക്കോലം എന്നും അറിയപ്പെടുന്നു. ദേവതാരാധന നിറഞ്ഞ തെയ്യംകലയിൽ മന്ത്രപരമായ അനുഷ്ഠാനം, തന്ത്രപരമായ അനുഷ്ഠാനം, കർമ്മപരമായ അനുഷ്ഠാനം എന്നിവ ഇടകലർന്ന് കാണുന്നു. കാസർഗോഡ്, കണ്ണൂർ ജില്ലകളിലാണ് ഈ അനുഷ്ഠാനകല കെട്ടിയാടുന്നത്. വൈദികേതരമായ അനുഷ്ഠാന ചര്യകളോടെ ദൈവപ്രീതിക്ക് വേ ി അധഃസ്ഥിത സമുദായക്കാർ നടത്തുന്ന നൃത്തമാണ് തെയ്യം. ദൈവം എന്നതിന്റെ വാമൊഴി രൂപമാണ് തെയ്യം. സങ്കീർണവും മനോഹരവുമായ മുഖത്തെഴുത്തും, കുരുത്തോലകളും പൂക്കളും മറ്റും ഉപയോഗിച്ചുള്ള രക്തവർണ്ണാങ്കിതമായ ആടയാഭരണങ്ങളും ചെ ്, ചേങ്ങില, ഇലത്താളം, കുറുംകുഴൽ, തകിൽ തുടങ്ങിയ വാദ്യമേളങ്ങളും ലാസ്യതാണ്ഡവ നൃത്താദികളും സമ്മോഹനമായി സമ്മേളിക്കന്ന തെയ്യം വിശ്വാസത്തോടൊപ്പം കലാസ്വാദന ചാതുര്യവും ഉണർത്തുന്ന അപൂർവമായ ഒരു കലാരൂപമാണ്. തെയ്യത്തെ പ്രാർഥിച്ച് ഉണർത്തുന്ന പാട്ടാണ്തോറ്റം പാട്ട്. പ്രത്യേക കാലങ്ങളിൽ സമൂഹ ജീവിതത്തെ സമർഥമായി പ്രതിഫലിപ്പിക്കുന്ന സാഹിത്യരൂപം കൂടിയാണ് തോറ്റം പാട്ടുകൾ.

1. തെയ്യം എന്നാലെന്ത്?
2. തെയ്യംകലയിൽ ഏതെല്ലാം അë ഷ്ഠാനങ്ങളാണ് ഇടകലർന്ന് കാണാൻ കഴിയുന്നത്?
3. തോറ്റം പാട്ടുകൾ എന്നാലെന്ത്?
4. തെയ്യം വിശ്വാസത്തോടൊപ്പം കലാസ്വാദന ചാതുര്യവും ഉണർത്തുന്ന ഒരപൂർവ കലാരൂപമായി മാറുന്നതെങ്ങനെ?
5. തെയ്യാട്ടം, തെയ്യക്കോലം എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത്?

## ബി. വിഭാഗം

**II.** താഴെ തന്നിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. (8)

1. ഗുരുകുല വിദ്യാഭ്യാസം വിദ്യാർഥികൾക്ക് പകർന്ന് നല്കുന്ന മൂല്യങ്ങൾ

അല്ലെങ്കിൽ

ജീവിതയാത്രയിൽ കൂടെ കരുതേ പാഥേയമാണ് മൂല്യങ്ങൾ

**III.**ആശയവിപുലനം ചെയ്യുക. (5)

‘‘ത്യാഗമെന്നതേ നേട്ടം
താഴ്മതാനഭ്യുന്നതി’’

**IV.** നിങ്ങളുടെ വിദ്യാലയത്തിലെ അധ്യാപക ദിനാഘോഷത്തെക്കുറിച്ച് സുഹൃത്തിന് കത്തെഴുതുക. (6)

**V.** ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.( ഏതെങ്കിലും രണ്ണം ) (2x2=4)

1. വള്ളത്തോൾ നാരായണമേനോൻ
2. പി. സുരേന്ദ്രൻ
3. രാമപുരത്തുവാര്യർ.
4. വി. ടി. ഭട്ടതിരിപ്പാട്

## സി. വിഭാഗം

**VI**1.സമാസംഎന്നാലെന്ത്? എത്ര തരം? ഏതൊക്കെ?വിശദീകരിക്കുക. (5)

2. പിരിച്ചെഴുതി സന്ധി നിർണയിക്കുക. (1x4=4)

1. ശബളാഭമായ 2. വരികെന്റെ
3. കണിക്കൊന്ന 4. ചാർത്തിയാലതും

3. അംഗ അംഗി വാക്യങ്ങൾ വേർതിരിക്കുക. (1)

1. കുചേലനെ ക പ്പോൾ ഗുരുകുല വിദ്യാഭ്യാസത്തെകുറിച്ച് കൃഷ്ണൻ ഓർക്കുന്നതാണ് സന്ദർഭം.

4. അർഥംമാറാതെ നിഷേധവാക്യമാക്കുക. (1)

1. അമ്മമ്മ പേരക്കുട്ടികളുടെ ഏതാവശ്യവും നിറവേറ്റിക്കൊടുത്തിരുന്നു.

5. തെറ്റുതിരുത്തുക. (1)

1. പ  ത്തെ കാൽനടയാത്രകൾ ഓരോന്നും അന്യന്മാരുടെ ഔദാര്യത്തിൽ ദൃഢമായി ഉറച്ചു വിശ്വസിച്ചുകൊ  ുള്ള പോക്കായിരുന്നു.

6. വാക്യം നിർമ്മിക്കുക. (1x2=2)

1. കർമോന്മുഖർ  2. നിർവൃതിയടയുക.

7. വിഗ്രഹിക്കുക. (1x2=2)

1. ദിനരാത്രങ്ങൾ  2. തുളസിത്തടം

8. നാനാർഥം എഴുതുക. (1x2=2)

1. അന്നം  2. വട്ടൻ

9. പര്യായപദം ക  ത്തി എഴുതുക. (1x4=4)

1. രാജാവ് ( അർക്കൻ, അരചൻ, അരണൻ, നൃപൻ)

2, നിലാവ് ( ജ്യോത്സ്ന, രസന, കൗമുദി, ആനനം )

3. സ്വർണം ( ഹിമം, ഹേമം, കനകം, കാനനം )

4. അധ്യാപകൻ ( ആചാര്യൻ, പാർഥൻ, വാധ്യായൻ, കനിഷ്ഠൻ )

10 താഴെ തന്നിരിക്കുന്ന വാക്യത്തിലെ അടിവരയിട്ട പദത്തിന്റെ വിപരീതപദം എഴുതുക. ( ½ x2=1)

1.<u>പ്രഭാത</u>ത്തിൽശുഭ്രവസ്ത്രാലങ്കാരച്ചേലോടെഊഞ്ഞാലാടുകയുംകൈകൊട്ടികളിക്കുകയുംവേണം

2. ചടങ്ങുകൾ ഭർത്താവോടൊത്തുസമൃദ്ധവും <u>സംതൃപ്ത</u>വുമായഗാർഹികജീവിതം കൈവരുത്താൻ ഉദ്ദേശിച്ചുള്ളവയാണ്.

11. എതിർലിംഗം എഴുതുക. ( ½ x2=1)

1. വിധവ.

2. കർഷകൻ

12. അർഥം എഴുതുക. (4x ½ =2)

1. സമസ്വച്ഛം 2. ഉപചാരം 3. അസ്മാകം 4.ഉപശാന്തി

## ഡി. വിഭാഗം

**VII**1.പദ്യം പൂരിപ്പിĊ ക. (3)

''ക്രിസ്തുദേവന്റെ.................................

...............................................വായിക്കുവിൻ''

**VIII**ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. ( 6x½ =3 )

1. ആരുടെ നിയോഗമനുസരിച്ചാണ് കൃഷ്ണനും കുചേലനും കാട്ടിലേക്ക് പുറപ്പെട്ടത്?
( കുചേലന്റെ, ഗുരുവിന്റെ, ഗുരുപത്നിയുടെ )
2. 'വഴിയാത്ര' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്നെടുത്തതാണ്?
(ചിരിയുംചിന്തയും, ഇലഞ്ഞിപ്പൂമണമുള്ള നാട്ടുവഴികൾ, വെടിവട്ടം )
3. കേരളത്തിന്റെ ക്ഷാമകാലമാണ്...........................
( ധനുമാസം, മകരമാസം, കർക്കടമാസം )
4. ഓണം എന്തിന്റെ പ്രതീകമാണ്?
( ഐശ്വര്യം, സമദ്ധി, അധ്വാനം )
5. ഋതുക്കളല്ലാത്തത് ഏത്?
( വസന്തം, ഗ്രീഷ്മം, വൃശ്ചികം )
6. ആരുടെ ചരിത്രം വായിക്കാനാണ് വള്ളത്തോൾ ആവശ്യപ്പെടുന്നത്?
( ബുദ്ധന്റെ, ക്രിസ്തുവിന്റെ, ഗാന്ധിജിയുടെ )

**IX**രേ ാ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ( 3x2 =6 )

1. കയ്പവല്ലി പ്രകൃതിക്ക് അലങ്കാരമായിതീരുന്നതെങ്ങനെ?
2. പഴയകാലയാത്രകൾ ക്കൊ ുള്ള മേന്മകൾ എന്തെല്ലാം?
3.'അമ്മമ്മ'എന്ന കഥാപാത്രത്തിന്റെ സവിശേഷതയെന്ത്?

**X.** നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. ( 3x3 =9 )

1. പഴയകാല കാവ്യഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?
2. വള്ളത്തോളിന്റെ ഗുരുനാഥൻ അപൂർവ ഗുണവിശേഷങ്ങളുടെ സമ്മേളനമാണ്. സമർഥിക്കുക.
3. നമ്മുടെ കാർഷികസംസ്ക്കാരവും ആഘോഷങ്ങളും പരസ്പരം ബന്ധപ്പെട്ടു-കിടക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.

****